# CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE

P.B. No. 71, KOTTAYAM - 686 001, KERALA, INDIA.

Web www.cefakottayam.webnode.com E-mail: cefak2011@gmail.com


പ്രിയ ബഹു. അച്ചാ,

അതിരൂപതാ ശതാബ്ദി സ്മാരക വിദ്യാഭ്യാസ ഫണ്ടിൽ നിന്നും ഈ വർഷത്തെ ലോൺ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയമായി. കഴിഞ്ഞവർഷങ്ങളിൽ ലോൺ ലഭിച്ചവരെ ഈ വർഷം അർഹരാണെങ്കിൽ പരിഗണിക്കാവുന്നതാണ്. അവരും പുതിയ അപേക്ഷകർക്കൊപ്പം അതേ ആപ്ലിക്കേഷനിൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ അവർ പ്ലസ് ടു മാർക്ക് ഷീറ്റിന്റെ കോപ്പിയോ അഡ്മിഷൻ ലഭിച്ചതിനുള്ള തെളിവോ ഹാജരാക്കേണ്ടതില്ല. അതേ സമയം ഇപ്പോൾ പഠിക്കുന്ന കോഴ്സിന്റെ മുൻ സെമസ്റ്ററുകളിലെ മാർക്കുഷീറ്റിന്റെ കോപ്പി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

2017 ഓഗസ്റ്റ് 27 ന് ചേർന്ന കേന്ദ്രകമ്മിറ്റി തീരുമാനമനുസരിച്ച് ഈ വർഷം പുതുതായി 100-ൽ താഴെ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും ഒരപേക്ഷയും 100നും 200നും ഇടയിൽ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും രണ്ടപേക്ഷയും, 200നു മുകളിൽ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നും മൂന്നപേക്ഷയും പരമാവധി സമർപ്പിക്കാവുന്നതാണ്. അപേക്ഷകളെല്ലാം പാരീഷ് കൗൺസിലിന്റെ ശുപാർശയോടെ ഒക്ടോബർ 10-ാം തീയതിക്കകം അരമനയിലുള്ള ഓഫീസിൽ എത്തിക്കേണ്ടതാണ്. ലോൺ തിരികെ നൽകേണ്ട സമയമാകുമ്പോൾ Centenary Education Fund of the Archeparchy of Kottayam, SIB A/c. No. 5801 എന്ന പേരിൽ ചെക്ക് എഴുതി വികാരി അച്ചനെ ഏൽപ്പിക്കേണ്ടതും വികാരിയച്ചനിലൂടെ അത് അരമനയിലെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

അരമനയിലെ CEFAK Office-ൽ നേരിട്ട് പണമായും വായ്പ തിരിച്ചടയ്ക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത വിവരം വികാരി അച്ചൻമാരെ ബോദ്ധ്യപ്പെടുത്തി ഇടവകയിലെ CEFAK രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ലോൺ ലഭിക്കുന്ന കുട്ടികളുടെ കോഴ്സ് തീർന്ന് ഒരു വർഷത്തിനകം തവണകളായി വായ്പതുക തിരികെ വാങ്ങുന്ന കാര്യം ബഹു. വികാരി അച്ചന്മാരും, പാരിഷ് കൗൺസിൽ അംഗങ്ങളും ശ്രദ്ധിക്കുമല്ലോ. ഈ വർഷം ലോൺ അനുവദിക്കുന്ന പ്രധാന കോഴ്സുകളും തുകയും ചുവടെ ചേർക്കുന്നു.

| കോഴ്സുകൾ | ലഭിക്കുന്ന തുക |
|---|---|
| M.B.B.S/ B.D.S, Pharm D, M.D | Rs.30,000/- |
| B.Sc. Nursing, M.Sc. Nursing, P.B.Sc. Nursing, B.Tec, M.Tec, BPT, BHM, B.Pharm | Rs.20,000/- |
| M.B.A./ M.C.A. | Rs.12,000/- |

അംഗീകൃത സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ച കൂടുതൽ ജോലി സാധ്യതയുള്ള മറ്റു പ്രൊഫഷണൽ UG/PG കോഴ്സുകൾക്കും മുൻഗണനാക്രമത്തിൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥാപനത്തിന്റെ അംഗീകാരത്തിന്റെ രേഖകൂടി ഹാജരാക്കേണ്ടതാണ്. എന്നാൽ അവയ്ക്ക് കേന്ദ്ര എക്സിക്യൂട്ടീവിന്റെ തീരുമാനത്തിന് വിധേയമായി മാത്രമായിരിക്കും ലോൺ അനുവദിക്കുക.

ആദ്യ ചാൻസിൽ പാസാകുന്ന കുട്ടികളെ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. അരമനയിൽ നിന്നു നൽകിയിട്ടുള്ള CEFAK ഇടവക രജിസ്റ്ററിൽ വായ്പ നൽകലും തിരിച്ചടയ്ക്കലും കൃത്യമായി രേഖപ്പെടുത്തേണ്ടതും ആണ്ടുതിരട്ട് അരമനയിൽ ഓഡിറ്റ് ചെയ്യുവാൻ വരുമ്പോൾ പരിശോധനക്കായി നൽകേണ്ടതുമാണ്. ഈ കത്തിനൊപ്പം ആപ്ലിക്കേഷൻ ഫോമിന്റെ ഒരു കോപ്പി ഉള്ളടക്കം ചെയ്യുന്നു. ആവശ്യത്തിന് കോപ്പികൾ എടുത്ത് ഉപയോഗിക്കാവുന്നതാണ്. ഈ ഫണ്ടിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും cefak website ൽ നൽകിയിട്ടുണ്ട്.

ഇതോടൊപ്പം നൽകിയിരിക്കുന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ സംക്ഷിപ്ത വിവരം പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

കോട്ടയം
10.09.2017


ഡോ. ജോർജ് മാത്യു കക്കാട്ടിൽ
സെക്രട്ടറി, CEFAK
Ph. Res. 0481-2537006
Ph: 9447967806